# 'നീര ഉൽപാദിപ്പിക്കാൻ കർഷകർക്ക് അനുമതി നൽകണം'

കൊച്ചി ● കേരകർഷകരെ രക്ഷിക്കുന്നതിനു തെങ്ങിൽ നിന്നു നീര ഉൽപാദിപ്പിക്കാൻ കർഷകർക്ക് അനുമതി നൽകണമെന്നു കർഷക കോൺഗ്രസ് (ഐ) സംസ്ഥാന കമ്മിറ്റി. അതിനായി അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തണം. വെളിച്ചെണ്ണയുടെ ഇറക്കുമതി ചുങ്കം ചുരുങ്ങിയത് 25 ശതമാനം ആയെങ്കിലും ഉയർത്തണമെന്നും സംഘടന ആവശ്യപ്പെട്ടു. കാർഷിക മേഖലയുടെ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശിൽപശാലയിലാണു നിർദേശങ്ങൾ ഉയർന്നത്.

ശിൽപശാല നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ് ഉദ്ഘാടനം ചെയ്തു. പി.സി. സിറിയക് പ്രസംഗിച്ചു. കാർഷികമേഖലയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളും നിർദേശങ്ങളും ഉൾപ്പെട്ട കാർഷിക നയരേഖ രൂപീകരിക്കുന്നതിനായി അഡ്വ. സുരേഷ് കോശി ചെയർമാനും കെ.ജെ. ജോസഫ്, കെ.പി. ഏലിയാസ്, അഡ്വ. ജോഷി, ബാബു, രാജു എടത്വ എന്നിവർ അംഗങ്ങളുമായ സമിതി രൂപീകരിച്ചു.